ആർ/ഡബ്ല്യൂ 177 ഓഫ് എം.വി. ആക്ട് പ്രകാരം തിരുവനന്തപുരം ട്രാഫിക് പോലീസ് സ്റ്റേഷനിൽ ഒരു കേസ്സ് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഇല്ല. യാത്രക്കാരെ കസ്റ്റഡിയിൽ എടുക്കുകയോ പോലീസ് സ്റ്റേഷനിൽ കൊണ്ടുവരികയോ ചെയ്തിട്ടില്ല.

(സി) അത്തരം പരാതികളൊന്നും സർക്കാരിനു ലഭിച്ചിട്ടില്ല.

"അപ്പീൽ നൽകുന്നതിന് അനുമതി നിഷേധിച്ച വിജിലൻസ് കേസ്സുകൾ"

49 (705)ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എൻക്വയറി കമ്മീഷണർ ആന്റ് സ്പെഷ്യൽ ജഡ്ജിയുടെ വിധിയിൻ മേൽ അപ്പീൽ പോകുമെന്ന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ആവശ്യപ്പെട്ട എത്ര കേസ്സുകളിൽ അപ്പീൽ നൽകുന്നതിന് ഗവൺമെന്റ് അനുമതി നൽകാതെയിരുന്നിട്ടുണ്ട്;

(ബി) അവ ഏതെല്ലാം കേസ്സുകളാണ്;

(സി) ആന്റികറപ്ഷൻ ബ്യൂറോയുടെ അന്വേഷണത്തിലിരുന്ന എത്ര കേസ്സുകളിൽ ഗവൺമെന്റ് ഇടപെട്ട് അന്വേഷണം വേണ്ടെന്നുവച്ചിട്ടുണ്ട്;

(ഡി) ഏതെല്ലാം കേസ്സുകളിലാണ് ഇപ്രകാരം ചെയ്തതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) അപ്പീൽ നൽകുന്നതിന് ഗവൺമെന്റ് അനുമതി നിഷേധിച്ചിട്ടുള്ള കേസ്സുകൾ ഒന്നും ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിജിലൻസ് ബ്യൂറോയിൽ അന്വേഷണത്തിലിരുന്ന ഒരു കേസ്സിലും സർക്കാർ ഇടപെട്ട് അന്വേഷണം വേണ്ടെന്നു വച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ ഓഫീസുകളിലെ വിജിലൻസ് പരിശോധന

50 (706)ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. ടി.കെ. ബാലൻ :
ശ്രീ. എൻ. കണ്ണൻ :
ശ്രീ. സെബാസ്റ്റ്യൻ പോൾ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ഓഫീസുകളിൽ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ആരംഭിച്ച വിജിലൻസ് പരിശോധന ഇപ്പോൾ തുടരുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly